# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **1418** 20.01.2014-ൽ മറുപടിയ്ക്ക്

## ക്വാളിറ്റി കൺട്രോൾ ലാബുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.എൻ.പ്രതാപൻ<br>,, പി.എ.മാധവൻ<br>,, എ.റ്റി.ജോർജ്<br>,, ഷാഫി പറമ്പിൽ | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പി.ഡബ്ല്യു.ഡി നടത്തുന്ന നിർമ്മാണ ജോലികൾക്ക് ഉപയോഗിക്കുന്ന വസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ; വിശദമാക്കുമോ ;<br><br>(ബി) ഇതിനായി ജില്ലാ കേന്ദ്രങ്ങളിൽ 'ക്വാളിറ്റി കൺട്രോൾ ലാബുകൾ' സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ; | **(എ)&(ബി) :**<br>പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന നിർമ്മാണ ജോലികളുടെ ഗുണനിലവാര പരിശോധന നടത്തുന്നതിനായി എറണാകുളം, കോഴിക്കോട് ജില്ലകളിൽ ഓരോ ക്വാളിറ്റി കൺട്രോൾ റീജിയണൽ ലാബുകളും, തിരുവനന്തപുരം ജില്ലയൊഴികെ മറ്റ് പതിനൊന്ന് ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ജില്ലാ ലാബുകളും 01.10.2013 മുതൽ നിലവിൽ വന്നു. തിരുവനന്തപുരം ജില്ലയിലെ പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കാനുള്ള ചുമതല കെ.എച്ച്.ആർ.ഐ ക്ക് നല്കിയിട്ടുണ്ട്. |
| (സി) ഇതിന്റെ പ്രവർത്തന രീതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;<br><br>(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ ? | **(സി)&(ഡി) :**<br>ഗുണനിലവാര പരിശോധനയ്ക്കായി ലാബുകളിലേക്ക് ആവശ്യമായ ഉപകരണങ്ങൾ മിക്കയിടത്തും ലഭ്യമാക്കിയിട്ടുണ്ട്. ആവശ്യമായ ജീവനക്കാരെയും നിയമിച്ച് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് നടപ്പാക്കി വരുന്ന പ്രവൃത്തികളിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ സാമ്പിളുകൾ ശേഖരിച്ച് മേൽ ലബോറട്ടറികളിൽ ഗുണനിലവാര പരിശോധന നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ